**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2311** **03-03-2025 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ്, സ്ക്രൂട്ടിനി ഫീസ് തുടങ്ങിയവ വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവിറക്കിയതും ഇതിൽ ഇളവ് നൽകി ഉത്തരവ് ഇറക്കിയതും ഏത് തീയതി മുതൽ പ്രാബല്യം നൽകിക്കൊണ്ടാണെന്ന് അറിയിക്കുമോ; പ്രസ്തുത ഇളവുകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ്, അപേക് ഷ ഫീസ്, സ്ക്രൂട്ടിനി ഫീസ് എന്നിവയുടെ നി രക്ക് വർദ്ധിപ്പിച്ചു കൊണ്ട് 10.04.2023 മുത ൽ പ്രാബല്യത്തിലും പ്രസ്തുത നിരക്കുകൾ കുറവ് വരുത്തിക്കൊണ്ട് 01.08 2024 മുതൽ പ്രാബല്യത്തിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കുറവ് വരുത്തിയ നിരക്കുകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (ബി) | ഫീസ് വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പ്രകാരം പ്രസ്തുത ഇനങ്ങളിൽ ഫീസ് അടച്ചവർക്ക് അധികമായി അടച്ച തുക തിരികെ നൽകാൻ ഉത്തരവ് ആയിട്ടുണ്ടോ; എത്ര പേരാണ് ഇങ്ങനെ അധികമായി തുക അടച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | 10.04.2023 മുതൽ പ്രാബല്യത്തിൽ നിലവിലുണ്ടായിരുന്ന നിരക്ക് പ്രകാരം അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ ഒടുക്കിയവ ർക്ക് അധികമായി അടച്ച തുക തിരികെ നൽകുന്നതിന് 30-07-2024-ലെ സ.ഉ.(കൈ) നം.97/2024/LSGD പ്രകാരം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി യിട്ടുണ്ട്. അധികമായി തുക അടച്ചവരുടെ വിവരം ശേഖരിച്ചു വരുന്നു. |
| (സി) | അധികമായി അടച്ച തുക തിരിച്ച് കിട്ടാൻ ബാക്കിയുള്ള എത്ര അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ; ഇവർക്കു തുക തിരിച്ച് നൽകാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ? | (സി) | അധികമായി അടച്ച തുക തിരിച്ച് കിട്ടാൻ ബാക്കിയുള്ളവരുടെ വിവരം ശേഖരിച്ചു വരുന്നു.<br><br>10.04.2023 മുതൽ പ്രാബല്യത്തിൽ ഉ ണ്ടായിരുന്ന നിരക്കിൽ അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ ഒടുക്കിയവർക്ക് അ ധികമായി ഒടുക്കിയ തുക 2025 മാർച്ച് 31-നു മുമ്പായി തിരികെ നൽകുന്നതിന് 30-07-2024-ലെ സ.ഉ(കൈ) നം..97/2024/LSGD പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളതും ആയതുമായി ബന്ധ പ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.<br><br>1. ഗ്രാമപഞ്ചായത്തുകൾ അടുത്ത പഞ്ചായത്ത് യോഗത്തിലും മുനിസിപ്പാലി റ്റികളും, കോർപ്പറേഷനുകളും അടുത്ത കൗൺസിൽ യോഗത്തിലും അധികമായി ഈടാക്കിയ പെർമിറ്റ് ഫീസും അപേക്ഷ ഫീസും തിരികെ നൽകുന്ന തിനുള്ള |

| | | | |
|---|---|---|---|
| | | | ഒരു പൊതു തീരുമാനം എടു ക്കേണ്ടതും, തുടർ നടപടികൾ സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതല പ്പെടുത്തേണ്ടതുമാണ്.<br><br>2. അധികമായി അടവാക്കിയ തുക തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ ഓൺലൈൻ സംവിധാനം മുഖേന നൽകുമ്പോൾ ആയതിനോടൊപ്പം പെ ർമിറ്റിന്റെ പകർപ്പ്, തുക അടവാക്കിയ തിന്റെ രസീതു വിശദാംശങ്ങൾ(രസീത് നഷ്ടപ്പെട്ടുവെങ്കിൽ ആയതു സംബന്ധിച്ച അപേക്ഷകന്റെ സത്യപ്രസ്താവന) എന്നിവയും അപേക്ഷകൻറെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങളും ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പും ഉൾപ്പെടുത്തേണ്ടതാണ്.<br><br>3. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷക ളിൽ മുൻഗണനക്രമം അനുസരിച്ച് ന ടപടി സ്വീകരിച്ചു തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തനതു ഫണ്ടി ൽ നിന്ന് അപേക്ഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക്തിരികെ നൽകുന്നതാണ്.<br><br>4. പെർമിറ്റ് ഉടമ മരണപ്പെട്ട സംഗതിക ളിൽ റവന്യൂ അധികാരികളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ അനന്തരാവകാശി/ അനന്തരാവകാശികൾക്ക് ടി തുക അനുവ ദിക്കുന്നതാണ്. എന്നാൽ പെർമിറ്റ് മറ്റൊരാൾക്ക് കൈമാറ്റം ചെയ്ത സംഗതികളിലും, വിവിധ കാരണങ്ങളാൽ പെർമിറ്റ് റദ്ദു ചെയ്തിട്ടുള്ള സംഗതികളി ലും റീഫണ്ട് അപേക്ഷ പരിഗണിക്കുന്നതല്ല.<br><br>5. അപേക്ഷകർ ആവശ്യപ്പെടുന്ന പക്ഷം തിരികെ നൽകേണ്ടുന്ന തുക വസ്തു നികുതി ഇനത്തിൽ വരവ് വച്ച് ക്രമീകരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ